**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5182** **21-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2020 മാർച്ച് 31 ന ശേഷം കാർഷിക കടാശ്വാസത്തിന് കർഷകരിൽ നിന്നും പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇതു സംബന്ധിച്ച് വിജ്ഞാപനം പുറത്തിറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കാർഷിക കടാശ്വാസത്തിന് കർഷകരിൽ നിന്നും പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന വിഷയം സർക്കാർ പരിശോധനയിലാണ്. |
| (സി) | കാർഷിക കടാശ്വാസത്തിനായുള്ള പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കുമോ; | (സി) | കാർഷിക കടാശ്വാസത്തിന് കർഷകരിൽ നിന്നും പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന വിഷയം സർക്കാർ പരിശോധനയിലാണ്. |
| (ഡി) | കാർഷിക കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം ഇളവുകൾ നൽകുന്നതിനായി ബാങ്കുകൾക്ക് എത്ര തുകയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ;? | (ഡി) | കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിൽ സമർപ്പിക്കുന്ന ശിപാർശകളുടെ അർഹത സംബന്ധിച്ച വിഷയം പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ കടാശ്വാസം അനുവദിക്കുന്നത്. ഇത്തരത്തിൽ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിൽ ഈ വർഷം 34.9 കോടി രൂപ കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മീഷൻ പ്രഖ്യാപിച്ച 127,83,75,832/- രൂപയുടെ 15334 അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയിലാണ്. പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കി കടാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ